# മോചന ദ്രവ്യം

ഖുറൈശിപ്പട മദീനയിലേക്ക് ഇരച്ചു പാഞ്ഞു. വലിയൊരു പട! പടനയിക്കുന്നത് ഖുറൈശികളുടെ നേതാവായ അബൂജഹ്‌ലാണ്!

മുസ്‌ലിംകളെ ആക്രമിച്ച് നശിപ്പിക്കുക! അതാണവരുടെ ലക്ഷ്യം.

മുഹമ്മദ് നബി വിവരമറിഞ്ഞു. അദ്ദേഹം സഹപ്രവർത്തകരോടൊത്ത് ബദ്ർ എന്ന സ്ഥലത്ത് ഒത്തുകൂടി.

അത് ഹിജ്റ രണ്ടാം വർഷം റമദാൻ മാസത്തിലായിരുന്നു.

ആ വർഷത്തിലാണ് ഇസ്‌ലാം ഉപവാസം നിർബന്ധമാക്കിയത്.

ഉപവസിച്ച് ക്ഷീണിച്ചവരാണ് മുസ്‌ലിം ഭടന്മാർ! അതുകൊണ്ടൊന്നും അടങ്ങിയിരിക്കാൻ അവർക്കു കഴിഞ്ഞില്ല.



തങ്ങളെ ഉന്മൂലനാശം വരുത്താൻ ചാടിപ്പുറപ്പെട്ട ശത്രുക്കളെ നേരിടാൻ മുസ്‌ലിം ഭടന്മാർ അരയും തലയും മുറുക്കി.

അങ്ങനെ റമദാൻ മാസം പതിനേഴാം തീയതി നബിയും അനുയായികളും ധർമ്മയുദ്ധത്തിനിറ

ങ്ങുവാൻ നിർബന്ധിതരായി.

മുകളിൽ കത്തിജ്വലിക്കുന്ന സൂര്യൻ! താഴെ ചുട്ടുപൊള്ളുന്ന മണലാരണ്യം! വ്രതാനുഷ്ഠാനത്താൽ പുലർച്ചെ മുതൽ ജലപാനംപോലുമില്ലാത്ത ഭടന്മാർ! അവർ ശത്രുക്കളുമായി ഏറ്റുമുട്ടാൻ തുടങ്ങി.

ആയിരത്തോളം വരുന്ന ഖുറൈശി ഭടന്മാർ! മുന്നൂറ്റി പതിമൂന്ന് മുസ്‌ലിം ഭടന്മാർ! ആരു ജയിക്കും? ആര് തോൽക്കും?

അംഗബലത്തിന്റെ അഹങ്കാരത്തിൽ മുസ്‌ലിം കളെ നശിപ്പിക്കാമെന്ന് വീമ്പിളക്കുന്ന ഖുറൈശിപ്പട. അംഗസംഖ്യ മറന്ന് നിലനിൽപ്പിനുവേണ്ടി ഉഗ്രമായി പോരാടുന്ന മുസ്‌ലിം സൈന്യം.

അടിയുറച്ച വിശ്വാസവും അസാമാന്യ ധീരതയും മുസ്‌ലിം ഭടന്മാരെ വിജയത്തിലെത്തിച്ചു!

ധർമ്മവും അധർമ്മവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ധർമ്മം വിജയിക്കുക തന്നെ ചെയ്തു! ഇസ്‌ലാമിന്റെ ആദ്യ വിജയം! അബൂജഹ്‌ലും മറ്റു പ്രമുഖരും വധിക്കപ്പെട്ടു.

എഴുപതോളം പേർ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ടു.

‘‘അല്ലാഹു അക്ബർ! അല്ലാഹു അക്ബർ!’’

മരുഭൂമിയിൽ തക്ബീർ ധ്വനികൾ മാറ്റൊലി കൊണ്ടു.

വിജയശ്രീലാളിതരായി മുസ്‌ലിം സൈന്യം മദീനായിലേക്കു യാത്ര തിരിച്ചു.

ഒപ്പം വൈരികളാൽ ബന്ധനസ്ഥരാക്കപ്പെട്ടതിൽ അപമാനിതരായ യുദ്ധത്തടവുകാരും. ‘‘ഈ മുസ്‌ലിംകൾ ക്രൂരന്മാരാണ്!’’

‘‘ഇവർ നമ്മെ ക്രൂരമായി പീഡിപ്പിക്കും.’’

‘‘ഈ നീചന്മാർ നമ്മെ കൊല്ലാക്കൊല ചെയ്യും!’’

‘‘നമ്മെ യുദ്ധത്തിന് പ്രേരിപ്പിച്ച നേതാക്കന്മാരും വധിക്കപ്പെട്ടല്ലോ!’’

‘‘ഇനി നമ്മുടെ ഗതി അധോഗതി തന്നെ!’’ തടവുകാർ തമ്മിൽ പറഞ്ഞു പരിതപിച്ചു.

അവർ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന സ്ഥിതിയിലായി. അവസാനം എല്ലാവരും മദീനയിലെത്തിച്ചേർന്നു.





“മോചനദ്രവ്യം തന്നാൽ നിങ്ങളെ വിട്ടയക്കാം.” നബിതിരുമേനി ആവശ്യപ്പെട്ടു. മോചന ദ്രവ്യത്തിന് എന്തു വഴി? തടവുകാർ വിഷമത്തോടെ പരസ്പരം നോക്കി. അവർ നിസ്സഹായരായി!

“നിങ്ങളിൽ അക്ഷരജ്ഞാനമുള്ളവർ പത്ത് മുസ്‌ലിംകളെ വീതം സാക്ഷരരാക്കണം. അതോടെ നിങ്ങൾ സ്വതന്ത്രരാകുന്നു!”

പ്രവാചകൻ വിശദീകരിച്ചു.

തടവുകാർക്ക് ആശ്ചര്യം!

അവരുടെ മുഖങ്ങളിലെ അന്ധാളിപ്പ് ഓടിമറഞ്ഞു.

“ഞങ്ങൾക്ക് സമ്മതം”

തടവുകാരിലൊരാൾ വിളിച്ചു പറഞ്ഞു.

മറ്റുള്ളവർ അതേറ്റു പറഞ്ഞു.

“ഞങ്ങൾക്ക് സമ്മതം”

ശത്രുക്കളെ മിത്രങ്ങളാക്കിയ പ്രവാചകശിരോമണിയെ അനുയായികൾ ആദരവോടെ നോക്കി.

പുനരാഖ്യാനം:
**പട്ടണക്കാട് അബ്ദുൽഖാദർ**

## രസകരം

പഠനമെത്ര രസകരം
നടനമെത്ര സുന്ദരം
ഗാനമെന്തു മോഹനം
വിദ്യയെന്നും ശാശ്വതം
വിനയമെത്ര ഗുണകരം
സത്യമെത്ര ഹിതകരം
പഠനകാലമെന്നുമേ
മധുരമെന്നതോർക്കുവാൻ
മടികളഞ്ഞു പോകണം
ഇതിതെളിഞ്ഞു വളരണം.

**പറവൂർ ബാബു**

